(ഡി) വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും മൊബൈൽ എൻഫോഴ്സ്മെൻറ് സ്ക്വാഡും, മേഖലാടിസ്ഥാനത്തിൽ ഫ്ളൈയിംഗ് സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നു.

അമിത വേഗത കണ്ടുപിടിക്കുന്നതിന് റഡാർ സംവിധാനം സജ്ജീകരിച്ച പ്രത്യേക വാഹനം നിരീക്ഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. അശ്രദ്ധമായ ഡ്രൈവിംഗ് ഒഴിവാക്കുന്നതിന് ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളും നടത്തുകയും ലഘുലേഖകളും വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ഡ്രൈവർമാർക്ക് കാഴ്ച പരിശോധന നടത്തി കണ്ണട വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.

(ഇ) നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങളും കർശനമായി നടപ്പിലാക്കുന്നതിന് എല്ലാ ശ്രമവും നടത്തുന്നുണ്ട്.

മലപ്പുറം–മഞ്ചേരി–എടവണ്ണപ്പാറ റൂട്ടിൽ ബസ് സർവ്വീസ്

92 [2229] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം–മഞ്ചേരി–എടവണ്ണപ്പാറ റൂട്ടിൽ സർവ്വീസ് നടത്തിയിരുന്ന കെ. എസ്. ആർ. ടി. സി. ബസ് ഇപ്പോൾ ഓടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ റൂട്ടിൽ നിർത്തൽ ചെയ്ത ബസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം–മഞ്ചേരി–എടവണ്ണപ്പാറ റൂട്ടിൽ കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തുന്നുണ്ട്. ഈ റൂട്ടിൽ കെ. എസ്. ആർ. ടി. സി. സർവ്വീസ് മുടങ്ങിയിട്ടില്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കണിയാപുരം കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും ലഭിച്ച ഷെഡ്യൂളുകൾ

93 [2230] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ 2005 മേയ് മാസം വരെ കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ നിന്നും കെ. എസ്. ആർ. ടി. സി. എത്ര പുതിയ ഷെഡ്യൂളുകൾക്ക് അനുമതി നൽകി. ഇതിൽ കണിയാപുരം ഡിപ്പോയിൽ നിന്നും ആരംഭിച്ച ഷെഡ്യൂളുകൾ എത്ര; ഏതൊക്കെയാണ്; വിശദമാക്കുമോ;

(ബി) 2001 മേയ് മാസം കെ. എസ്. ആർ. ടി. സി. കണിയാപുരം ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു; ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നു;

LIBRARY ARCHIVES Kerala Legislative Assembly